ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : തിരുവനന്തപുരത്തു് സ്ഥാപിച്ചിട്ടുള്ള ഡ്രൈ സ്റ്റോക്കു് ഫാമിനെ സംബന്ധിച്ചു വളരെയധികം പരാതിയുണ്ടു്. 1960-61, 1961-62 ഈ വർഷങ്ങളിൽ എത്രപേർ അവിടെ പശുക്കളെ ഏല്പിച്ചിട്ടുണ്ടു് ; എത്ര പശുക്കളെ അവിടെ നിന്നും ഗർഭിണികളായി തിരിയെ പോയിട്ടുണ്ടു് ?

ശ്രീ. ഇ. പി. പൗലോസു് : ഇപ്പോഴെന്റെ കൈവശം കണക്കുകളൊന്നുമില്ല. വേറൊരു ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീമതി കുസുമം : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി പട്ടണത്തിന്റെ സമീപപ്രദേശങ്ങളിൽ ഉള്ള ഫാം ആളുകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നുണ്ടെന്നു്. എന്നാൽ പാലോട്ടുള്ള ഫാമിൽ വരവു വളരെ പുരുക്കമാണു്. അവിടെ അയക്കുന്ന പശുക്കളെ തീറ്റും ശോഷിച്ചു് ഉപയോഗശൂന്യമായാണു് കിട്ടുക. അതുകൊണ്ടു് ഈ ഫാം മാതൃകായോഗ്യമാക്കിത്തീർക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. പി. പൗലോസു് : വളരെ ശോഷിച്ചാണു് തിരിയെ ലഭിക്കുന്നതെന്നു പറഞ്ഞതു ശരിയല്ല. അങ്ങനെയൊരു പരാതി ഇതുവരെ ലഭിച്ചിട്ടുമില്ല. ഞാൻ നേരിട്ടതന്നെ പല പശുക്കളെയും കണ്ടിട്ടുണ്ടു്. അവ നല്ലതുപോലെയിരിക്കുന്നതായിട്ടാണു് മനസ്സിലായിട്ടുള്ളതു്.

ശ്രീ. കെ. കൃഷ്ണപിള്ള : കുറ്റ്യാട്ടമലയിൽ ഒരു പശുവിനു തീറ്റിക്കുലി പതിനഞ്ചു രൂപയാണു് വച്ചിരിക്കുന്നതു്. പത്തുമാസം തീറ്റിക്കുലി കൊടുക്കുമ്പോൾ 150 രൂപയാകും. ഇതിനെക്കാൾ ലാഭകരമായിട്ടുള്ളതു് ഈ പശുവിനെ വിറ്റിട്ടു പകരം മറ്റൊരു പശുവിനെ വാങ്ങുന്നതാണു്. ഇതു കുറച്ചുകൂടി ലാഭകരമായി ആളുകൾക്കു ഉപയോഗിക്കുവാൻ വേണ്ട നടപടികൾ ഗവണ്മെന്റു് സ്വീകരിക്കാമോ ; ഇല്ലെങ്കിൽ ഈ ഫാം നല്ലൊരു ഡെയറിഫാമായി മാറ്റിയെടുക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

ശ്രീ. ഇ. പി. പൗലോസു് : ഏതാണ്ടു നാളത്തെ വരവും ചെലവും കണക്കാക്കി നോക്കിയപ്പോൾ ഗവണ്മെന്റു് ഭാഗത്തിനാണു് നഷ്ടം വന്നിട്ടുള്ളതു്. അവിടെ വളർത്തുന്ന പുല്ലുവിറ്റു അതിന്റെ ആദായംകൂടി കണക്കിലെടുത്തിട്ടും ഗവണ്മെന്റിനു് നഷ്ടം ഉള്ളതായിട്ടാണു് കാണുന്നതു്. എന്നാൽ പൊതുജനങ്ങൾക്കു് ഇതു നിറുത്തണമെന്നുള്ള അഭിപ്രായം ഉള്ളതായി അറിവില്ല. അതുകൊണ്ടു് ഇതു തുടർന്നു പോകുന്നുവെന്നേയുള്ളൂ. മറ്റു ഉദ്ദേശങ്ങളൊന്നും ഇതിൽ ഇല്ല.

റിസർവു് ഫോറസ്റ്റിലെ ആദിവാസികൾ.

* 350. [9] ശ്രീ. പി സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാടു താലൂക്കുകളിൽ റിസർവു് ഫോറസ്റ്റിന്റെ ഏതിയായിൽ വളരെ കാലമായി ലീസിനു വാങ്ങി കൃഷിചെയ്തുവരുന്ന എത്ര കുടുംബങ്ങൾ ഉണ്ടു് ;

(ബി) തെക്കു് വയനാട്ടിൽ എത്ര; നോർത്തു് വയനാട്ടിൽ എത്ര;

(സി) വളരെക്കാലമായി ഈ ഭൂമിയിൽ കൃഷിചെയ്തു താമസിച്ചുവരുന്ന വയനാടൻചെട്ടി, കുറുമർ മുതലായവർക്കു് അത്തരം ഭൂമി പട്ടയം കൊടുത്തുകൂടെ; ആ കാര്യം പരിശോധിക്കാമോ;

(ഡി) ഇതു സംബന്ധിച്ചു ഫോറസ്റ്റിന്റെ ആഫീസർമാരുടെ അഭിപ്രായം എന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 208 കുടുംബങ്ങളാണ്.

(ബി) സൗത്ത് വയനാട്ടിൽ 183. നോർത്ത് വയനാട്ടിൽ 25.

(സി) ഇപ്പോഴത്തെ വയനാടൻചെട്ടി, കുറിച്യർ മുതലായവർക്ക് സാധാരണയായി പട്ടയാടിസ്ഥാനത്തിലാണ് ഭൂമി കൊടുക്കുന്നത്. എന്നാൽ കൊല്ലംതോറും ഒരു നിശ്ചിത സംഖ്യ അടച്ചു പട്ടയം പുതുക്കേണ്ടതുണ്ട്.

(ഡി) ഈ സ്ഥലങ്ങൾ സ്ഥിരം കൈവശമായി കൊടുത്താൽ അത്തരം ഭൂമികൾ കൈമാറുന്നതിനും അതുമൂലം വന സംരക്ഷണത്തിനു ബുദ്ധിമുട്ടുണ്ടാകുന്നതിനും ഇടയുണ്ട്. കൂടാതെ നിലവിലുള്ള പട്ടങ്ങൾകൊണ്ട് കൃഷിക്കാർക്ക് യാതൊരു ബുദ്ധിമുട്ടുമുള്ളതായി തോന്നുന്നില്ല. അതുകൊണ്ട് ഇന്നത്തെ നില തുടർന്നുപോകേണ്ടതാണെന്നു ഗവണ്മെന്റു കരുതുന്നു.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: സ്ഥിരമായി വളരെക്കാലമായി കൃഷിചെയ്തു താമസിക്കുന്നവരെ ഒഴിപ്പിക്കാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കാലാവധി തീർന്നവരെ ഒഴിപ്പിക്കണമെന്നുള്ള നടപടി ഇപ്പോൾ വേണ്ടെന്നു വച്ചിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻ : അടുത്തകാലംവരെ ഓരോ ഏക്കർ പതിച്ചുകൊടുക്കുകയും പിന്നീട് അതു തിരിച്ചു വാങ്ങുകയും ചെയ്യുകയാണ് പതിവു്. ഫോറസ്റ്റിൽ കൃഷിചെയ്യാനുള്ള ഭൂമി സ്ഥിരമായി അവർക്കു കൃഷിചെയ്യുന്നതിലേയ്ക്കു പതിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൃഷിചെയ്യുന്ന ആളുകൾക്കുതന്നെ മാറി മാറി പതിച്ചുകിട്ടുന്നതിലാണ് താൽപ്പര്യം കാണിക്കുന്നത്. അവർതന്നെ വേറൊരാൾക്കു കൊടുക്കുകയും മറ്റു സ്ഥലത്തേയ്ക്കു മാറിപ്പോകുകയും ചെയ്യുന്നതായ അനുഭവം ഉണ്ട്.

ശ്രീ. ഒ. കോരൻ : ഗിരിവർഗ്ഗക്കാർക്കു പതിച്ചുകൊടുക്കുന്ന ഭൂമി മറ്റുള്ള ആളുകൾ കയ്യേറ്റം ചെയ്തു എടുക്കുന്നുവെന്ന പരാതി ലഭിക്കുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഏതോ ഒരു കേസിൽ അങ്ങനെയൊരു പരാതി ലഭിച്ചിട്ടുണ്ടെന്നാണ് ഓർമ്മ; അതേപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇതു വളരെ കൂടുതൽ തോതിൽ നടക്കുന്നുവെന്നുള്ള പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൺകറന്റു ആഡിറ്റർമാർ.

* 351. [10] † ശ്രീ. എം. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺകറന്റു് ആഡിറ്റർമാരുടെ ശമ്പളം ചില സഹകരണ സംഘങ്ങൾക്ക് ഒരു ഭാരമായി തീർന്നിട്ടുണ്ടെന്നു വസ്തുത ഗവണ്മെൻറിന്റെയും ഡിപ്പാർട്ടുമെൻറിന്റെയും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇതിനു് എത്രയും വേഗം പരിഹാരം കാണാൻ ദയവുണ്ടാകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഉണ്ടു്.

(ബി) ഇതു പരിഹരിക്കുവാനുള്ള മാർഗ്ഗങ്ങൾ ഡിപ്പാർട്ടുമെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണു്. ഇതിനുവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തിയിരിക്കുകയാണു്.

† Put by Shri P. Viswambharan.

LIBRARY ARCHIVES Kerala Legislative Assembly